# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2506 19.03.2015 - ൽ മറുപടിക്ക്

## ജല അതോറിറ്റിയിലെ ഇ-അബാക്കസ് ബില്ലിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.അൻവർ സാദത്ത് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജല അതോറിറ്റിയിൽ ഇ അബാക്കസ്സ് കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം നടപ്പാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമെന്നു വിശദമാക്കാമോ; | (ബി) | 1. ഉപഭോക്താക്കൾക്കുള്ള സേവനങ്ങൾ കൃത്യതയോടെ സമയബന്ധിതമായി ലഭ്യമാക്കുക, ഇതുവഴി ജല അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദസ്ഥാപനമാക്കി ഉയർത്തുക.<br>2. ജല അതോറിറ്റിയുടെ ഏക വരുമാന മാർഗ്ഗമായ വെള്ളക്കരം കൃത്യമായി പിരിച്ചെടുക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഈ പദ്ധതി വഴി സാധിക്കുന്നു.<br>3. ഗവൺമെന്റിനും മാനേജുമെന്റിനും ആവശ്യമായ വിവരങ്ങൾ തത്സമയം ലഭ്യമാക്കുക വഴി സ്ഥാപന ശാക്തീകരണം സുഗമമാക്കുന്നു. |
| (സി) | ഉപഭോക്താക്കൾക്ക് ഈ സംവിധാനത്തിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്; | (സി) | ഉപഭോക്താക്കൾക്ക് ഈ സംവിധാനത്തിലൂടെ ലഭിക്കുന്ന സേവനങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. ജനസേവനകേന്ദ്രം, അക്ഷയകേന്ദ്രങ്ങൾ, പോസ്റ്റ് ഓഫീസ്, ഓൺലൈൻ, ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും നേരിട്ട് കുറവു ചെയ്യുന്ന ECS സമ്പ്രദായം എന്നിവ മുഖാന്തിരവും ജലഅതോറിറ്റിയുടെ ഡിവിഷൻ കീഴിൽ വരുന്ന കൗണ്ടറുകളിലൂടെ വെള്ളക്കരം അടയ്ക്കുന്നതിനുള്ള സൗകര്യം. |

| | | |
|---|---|---|
| | | 2. വെബ് സൈറ്റിലൂടെ ഉപഭോക്താവിന്റെ വിവരങ്ങൾ ലഭ്യമാണ്.<br>3. ഉപഭോക്താക്കളുമായി ബന്ധപ്പെട്ട മറ്റു സേവനങ്ങളായ ഉടമസ്ഥ കൈമാറ്റം, മീറ്റർ മാറ്റിവയ്ക്കൽ, ഡിസ്കണക്ഷനും റീ-കണക്ഷനും, വിഭാഗമാറ്റം, ആൾട്ടറേഷൻ മുതലായവ കേന്ദ്രീകൃത സംവിധാനം വഴി നടപ്പിലാക്കി നൽകുന്നു.<br>4. പുതിയ കണക്ഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ. |
| (ഡി) ഇതിനായി ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്? | (ഡി) | 1. ജലഅതോറിറ്റിയുടെ എല്ലാ റവന്യൂ ഓഫീസുകളിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.<br>2. എല്ലാ ഓഫീസുകളേയും ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തി.<br>3. ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ഘട്ടംഘട്ടമായി നടപ്പാക്കി വരുന്നു.<br>4. ഓഫീസുകൾക്കുള്ള ദൈനംദിന സഹായങ്ങളും നിർദ്ദേശങ്ങളും കേന്ദ്രീകൃതമായി DBA യൂണിറ്റിൽ നിന്നും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ